I ഇ.ബി. XII - കേരള നിയമസഭ/XV-1

# പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2010 ജൂൺ 28, തിങ്കൾ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2010 ജൂൺ **28**-ാം തീയതി തിങ്കളാഴ്ച രാവിലെ **9.00** മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ചരമോപചാരം**

വർക്കല രാധാകൃഷ്ണന്റെ നിര്യാണം

മി. സ്പീക്കർ : കേരള നിയമസഭയുടെ മുൻ സ്പീക്കറും മുൻ ലോകസഭാംഗവും സി.പി.ഐ.(എം) നോതാവുമായിരുന്ന വർക്കല രാധാകൃഷ്ണൻ വാഹനാപകടത്തെ തുടർന്ന് 2010 ഏപ്രിൽ 26-ന് അന്തരിച്ചു. വർക്കല മുണ്ടയിൽ ചാന്നാൻ വിളാകത്ത് വീട്ടിൽ വി.ആർ. വാസുദേവന്റേയും ജി.ദാക്ഷായണിയുടേയും മകനായി 1927 ആഗസ്റ്റ് 21-ന് അദ്ദേഹം ജനിച്ചു. കേരള സർവ്വകലാശാലയിൽനിന്നും ബി.എ.യും ബി.എല്ലും പാസ്സായശേഷം അഭിഭാഷകനായി. വിദ്യാർത്ഥിയായിരിക്കെത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും പിന്നീട് മുഴുവൻസമയ രാഷ്ട്രീയ പ്രവർത്തകനായി മാറുകയും ചെയ്തു. പൊതു

പ്രവർത്തനത്തിലൂടെ എല്ലാവരുടേയും ആദരവ് നേടിയ അദ്ദേഹം അടുത്തറിയാവുന്നവർക്കെല്ലാം "അണ്ണൻ" ആയിരുന്നു. വർക്കലയിലും ആറ്റിങ്ങലിലുമുള്ള ചൂരൽ തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശ സമരങ്ങൾക്ക് സജ്ജമാക്കുന്നതിലും കർഷക-കർഷകത്തൊഴി ലാളികളുടേയും കുടികിടപ്പുകാരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിലും മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. വർക്കല പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായത് പൊതു പ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തിനുള്ള അംഗീകാരമായിരുന്നു. 1967-ൽ മുഖ്യമന്ത്രി ഇ.എം.എസ്.-ന്റെ പ്രൈവറ്റ് സെക്രട്ടറിയായി. തുടർന്ന് വർക്കല നിയോജകമണ്ഡലത്തിൽനിന്ന് 1980, 1982, 1987, 1991 എന്നീ വർഷങ്ങളിൽ തുടർച്ചയായി കേരള നിയമസഭയിലേയ്ക്കും ചിറയിൻകീഴ് ലോകസഭാമണ്ഡലത്തിൽനിന്ന് 1998, 1999, 2004 എന്നീ വർഷങ്ങളിൽ ലോക്സഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച പാർലമെന്റേറിയൻ എന്ന നിലയിൽ പ്രശസ്തനായ അദ്ദേഹത്തിന് നിയമസഭയുടേയും പാർലമെന്റിന്റേയും പ്രവർത്തനങ്ങളെക്കുറിച്ച് അഗാധമായ അവബോധമുണ്ടായിരുന്നു. നിയമസഭയുടേയും ലോക്സഭയുടേയും പ്രധാനപ്പെട്ട സമിതികളുടെ ചെയർമാനായി പ്രവർത്തിച്ചിരുന്ന അദ്ദേഹം ജനങ്ങൾക്കുവേണ്ടി ലോക്സഭയിലും നിയമസഭയിലും ആത്മാർത്ഥമായി പൊരുതിയ ഒരു നേതാവായിരുന്നു. അഭിഭാഷകൻ എന്ന നിലയിൽ ആർജ്ജിച്ച നിയമജ്ഞാനവും അനുഭവസമ്പത്തും നിയമനിർമ്മാണ രംഗത്ത് അദ്ദേഹത്തിന് ഒരു മുതൽകൂട്ടായിരുന്നു. ജനകീയപ്രശ്നങ്ങളും നിയമനിഷേധങ്ങളും പാർലമെന്റിലും നിയമസഭകളിലും സമർത്ഥമായി

അവതരിപ്പിച്ച അദ്ദേഹം അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിരുന്നു. കേരള നിയമസഭാ സ്പീക്കർ എന്ന നിലയിൽ 1987 മുതൽ 1991 വരെ പ്രവർത്തിക്കുകയും പാർലമെന്ററി രംഗത്തെ അറിവും നിയമവിജ്ഞാനവും കാര്യക്ഷമതയും കൊണ്ട് കേരളം ദർശിച്ച ഏറ്റവും പ്രഗത്ഭനായ സ്പീക്കർമാരുടെ പട്ടികയിൽ സ്ഥാനം നേടുകയും ചെയ്തു. മാതൃകാ പാർലമെന്റേറിയൻ, നിയമജ്ഞൻ, പ്രഭാഷകൻ എന്നീ നിലകളിൽ വിശ്രമരഹിതമായ രാഷ്ട്രീയ ജീവിതം നയിച്ച അദ്ദേഹത്തിന്റെ ബഹുമുഖപ്രതിഭ അന്യാദൃശമാണ്. സി.പി.ഐ.(എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം, ആൾ ഇന്ത്യ ലായേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു വരുകയായിരുന്ന അദ്ദേഹം അനീതികൾക്കെതിരെയുള്ള പോരാട്ടത്തിലും അദ്വിതീയനായിരുന്നു. വർക്കല രാധാകൃഷ്ണന്റെ വിയോഗംമൂലം മികച്ച ഒരു പാർലമെന്റേറിയനേയും നിയമജ്ഞനേയും സർവ്വോപരി ഒരു മനുഷ്യസ്നേഹിയേയുമാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. വിദ്യാർത്ഥി നേതാവ്, പ്രഗത്ഭനായ നിയമജ്ഞൻ, വർക്കല പഞ്ചായത്ത് പ്രസിഡന്റ്, അസംബ്ലി മെമ്പർ, പാർലമെന്റ് മെമ്പർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. പാർലമെന്റിൽ നിയമങ്ങൾ കൊണ്ടുവരാറുള്ള അവസരങ്ങളിലെല്ലാം വളരെ പ്രഗത്ഭമായ നിലയിൽ അതിലിടപെടുകയും കോൺട്രിബ്യൂഷൻ നൽകുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രിയുടെ പ്രശംസയ്ക്ക് വിധേയമാകത്തക്ക തരത്തിലുള്ള പങ്കാളിത്തം വിവരാവകാശ

നിയമനിർമ്മാണത്തിലും പുതിയ കാര്യങ്ങൾ പാർലമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിലും ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി പൊരുതിയ വ്യക്തിയായിരുന്നു. പ്രഗത്ഭനായ അഭിഭാഷകൻ, നിയമസഭാംഗം, പാർലമെന്റ് അംഗം, ജനസ്നേഹിയായ ജനപ്രതിനിധി എന്നീ നിലകളിലും അദ്ദേഹത്തിന്റെ സേവനം എടുത്തുപറയത്തക്കതാണ്. അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാട് ജനങ്ങൾക്ക് വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. ആ സ്മരണ യ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി) </u>: ബഹുമാനപ്പെട്ട സ്പീക്കറും സഭാ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. വർക്കല രാധാകൃഷ്ണന്റെ വേർപാട് മൂലം രാജ്യത്തിന് ഏറ്റവും പ്രഗൽഭനായ ഒരു പാർലമെന്റേറിയനെയാണ് നഷ്ടപ്പെട്ടത്. എം.എൽ.എ, എം.പി എന്നുള്ള നിലകളിൽ അദ്ദേഹം നിയമനിർമ്മാണ രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. അദ്ദേഹം നിയമസഭയിൽ നാല് പ്രാവശ്യവും പാർലമെന്റിൽ മൂന്നു പ്രാവശ്യവും സേവനമനുഷ്ടിച്ചിട്ടുണ്ട്. സ്പീക്കറായിരുന്ന നാലുവർഷക്കാലത്തെ സേവനം മാതൃകാപരമാണ്. നിയമനിർമ്മാണ രംഗത്തും സ്തുത്യർഹമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹം മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കാലത്ത് കെ.എസ്.യു-വിന്റെ പ്രസിഡന്റായിരുന്ന എനിക്ക് അദ്ദേഹവുമായി നേരിട്ട് ഇടപെടാനും ഒരു പൊതുപ്രവർത്തകൻ മറ്റുള്ളവരോട് കാട്ടേണ്ട മര്യാദയും മാന്യതയും അദ്ദേഹത്തിൽ നിന്ന് പഠിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാട് എല്ലാ

മേഖലകളിലും നികത്താനാകാത്ത നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>ശ്രീ. സി. ദിവാകരൻ :</u> ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. സ്പീക്കറായും പാർലമെന്റ് അംഗമായും കഴിവുകൾ പ്രകടിപ്പിച്ച കേരളത്തിലെ അപൂർവ്വം ജനകീയ നേതാക്കളിലൊരാളായിരുന്ന വർക്കല രാധാകൃഷ്ണൻ തിരുവനന്തപുരത്ത് ഇടതുപക്ഷ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും പ്രത്യേകിച്ച് ചിറയൻകീഴ് താലൂക്കിൽ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും അസൂയാവഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. നിഷ്കളങ്കനായിരുന്ന അദ്ദേഹത്തിന് രാഷ്ട്രീയ ശത്രുക്കളായി ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം വെറും ഒരു പാർട്ടി നേതാവ് മാത്രമല്ല, എല്ലാവരുടേയും 'അണ്ണൻ' ആയിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. കെ.എം. മാണി</u> : ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുന്നു. വർക്കല രാധാകൃഷ്ണന്റെ നിര്യാണം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു മാത്രമല്ല പാർലമെന്ററി ജനാധിപത്യ പ്രസ്ഥാനത്തിനുതന്നെ വലിയ ഒരു നഷ്ടമാണ്. നിയമങ്ങളെപ്പറ്റിയും നിയമസഭാ നടപടികളെപ്പറ്റിയും അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. എം.എൽ.എ, എം.പി, സ്പീക്കർ എന്നീ നിലകളിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച് സ്വയം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള അനുഭവ സമ്പത്തും ഭരണ പരിചയവും എല്ലാംകൂടി ഒത്തിണങ്ങിയപ്പോൾ അദ്ദേഹം പാർലമെന്ററി കാര്യങ്ങളിൽ ഒരു അതോറിറ്റിയായി മാറിയിരുന്നു. സ്പീക്കർ എന്നുള്ള

നിലയിൽ നല്ല കീഴ്‌വഴക്കങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവരും "അണ്ണൻ" എന്ന് വിളിക്കുന്ന അദ്ദേഹം എല്ലാ അർത്ഥത്തിലും ഒരു ജ്യേഷ്ഠ സഹോദരനായിരുന്നു. വളരെയധികം സുഹൃദ് സമ്പത്തുള്ള വ്യക്തിയായിരുന്നു അദ്ദേഹം. എല്ലാവരോടും സ്നേഹത്തോടും നിഷ്കളങ്കതയോടും പെരുമാറുന്ന വ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ പ്രേമചന്ദ്രൻ)</u> : കേരളത്തിന്റേയും ഇൻഡ്യയുടേയും ജനാധിപത്യ സംരക്ഷണ പ്രക്രിയയിൽ നേതൃപദവി അലങ്കരിച്ചിരുന്ന വ്യക്തിയായിരുന്നു വർക്കല രാധാകൃഷ്ണൻ. വിവരാവകാശ നിയമം സഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ ആ ബില്ലിന്റെ ഘടനയിൽതന്നെ കാതലായ മാറ്റങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുകയും പാർലമെന്റിൽ പ്രധാനമന്ത്രി അടക്കമുള്ളവർ അതിനെ അഭിനന്ദിക്കുകയും ചെയ്ത സംഭവം സ്മരിക്കുകയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന് എതിരായിട്ടുള്ള വെല്ലുവിളി ഉയരുന്ന ഘട്ടങ്ങളിൽ അതിന്റെ സംരക്ഷിത കവചം ഏറ്റെടുത്തുകൊണ്ട് പൊരുതാനും പോരാടാനും എക്കാലവും അദ്ദേഹം സന്നദ്ധനായിരുന്നു. നിയമരംഗത്തെ പരിജ്ഞാനവും അനുഭവവും എങ്ങനെ പാർലമെന്ററി പ്രക്രിയയിൽ ഫലപ്രദമായി വിനിയോഗിക്കാം എന്ന് വർക്കല രാധാകൃഷ്ണൻ തെളിയിച്ചിട്ടുണ്ട്. മികവുറ്റ അഭിഭാഷകൻ, പാർലമെന്റേറിയൻ, ജനകീയ സമരസംരക്ഷകൻ എന്നീ നിലകളിൽ എക്കാലവും അദ്ദേഹം സ്മരിക്കപ്പെടും. കക്ഷിരാഷ്ട്രീയത്തിനും മുന്നണി ബന്ധങ്ങൾക്കുമതീതമായി വിശാലമായ സൗഹൃദത്തി

ന്റേയും സ്നേഹത്തിന്റേയും നിഷ്ക്കളങ്കതയുടേയും പ്രതീകമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വിയോഗത്തിൽ സഭ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയും ദു:ഖം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: മികച്ച പാർലമെന്റേറിയൻ, നിയമസഭാ സ്പീക്കർ, നിയമസഭാ അംഗം എന്നീ നിലകളിൽ പ്രശംസ പിടിച്ചുപറ്റുവാൻ കഴിഞ്ഞ വ്യക്തിത്വത്തിന് ഉടമയായിരുന്നു വർക്കല രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ വേർപാട് ജനാധിപത്യ കേരളത്തിന് തീരാനഷ്ടമാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങൾക്കുവേണ്ടി ശക്തമായി പോരാടി. കേരളത്തിന്റെ ആവശ്യങ്ങൾ പാർലമെന്റിൽ ഉന്നയിച്ച് നേടിയെടുക്കുന്നതിന് അദ്ദേഹം ശ്രമിച്ചിരുന്നു. സഭയുടെ നടത്തിപ്പിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി നിഷ്പക്ഷനും നീതിമാനുമായ സ്പീക്കറായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ വിയോഗത്തിലുള്ള ദു:ഖത്തിൽ പങ്കുചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനങ്ങളിലൂടെ ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ അതുല്യ വൈഭവം കാണിച്ച വ്യക്തിത്വത്തിനുടമയായിരുന്നു വർക്കല രാധാകൃഷ്ണൻ. അപൂർവ്വവും അതുല്യവുമായ നേതൃപാടവം, നിർഭയത്വം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്രകൾ. നിയമപാണ്ഡിത്യവും അഗാധമായ പ്രാവീണ്യവും സഭാനടപടികൾ നിയന്ത്രിക്കുന്നതിനും പാർലമെന്ററി പ്രവർത്തനത്തിനും അദ്ദേഹത്തെ ഗണ്യമായി സഹായിച്ചിട്ടുണ്ട്. ജനകീയമായ പ്രതിബദ്ധത അദ്ദേഹത്തിന്റെ കൂടെപ്പിറപ്പാണ്. ശങ്കിച്ചു

നിൽക്കാതെ തന്റെ പ്രതിബദ്ധതയ്ക്കും മനസ്സാക്ഷിക്കും അനുസരിച്ച് കാര്യങ്ങൾ നിർവ്വഹിക്കാനുള്ള നേതൃപാടവം കേരളത്തിന് ഒട്ടാകെ മാതൃകയാണ്. പാർലമെന്ററി ജനാധിപത്യത്തിൽ അതുല്യമായ സംഭാവന നൽകിയ വർക്കല രാധാകൃഷ്ണന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: പഞ്ചായത്ത് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ്, നിയമസഭാ അംഗം, നിയമസഭാ സ്പീക്കർ, പാർലമെന്റ് അംഗം എന്നീ നിലകളിൽ രാഷ്ട്രീയപ്രവർത്തകർക്ക് മാതൃകകാണിച്ചുകൊണ്ട് ലളിതമായ ജീവിതശൈലിയിലൂടെ മുന്നോട്ടുപോയ ഒരു മഹത് വ്യക്തിയാണ് വർക്കല രാധാകൃഷ്ണൻ. ചെറിയ പ്രശ്നങ്ങൾ പോലും ഗൗരവമായി കാണുകയും ജനകീയ അടിത്തറയുണ്ടാക്കിക്കൊടുത്തുകൊണ്ട് ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച പൊതുരംഗത്തെ ബഹുമുഖപ്രതിഭയായിരുന്നു അദ്ദേഹം. അനുകരിക്കത്തക്ക സ്വഭാവ വൈശിഷ്ട്യങ്ങളുള്ള, നിയമപാണ്ഡിത്യമുള്ള അദ്ദേഹം ഒരു ജന്റിൽമാൻ കോമ്രേഡ് ആയിരുന്നു. അദ്ദേഹത്തിന്റെ വിയോഗം നിയമസഭാ സാമാജികർക്കും രാഷ്ട്രീയ പ്രവർത്തകർക്കും ഒരു തീരാനഷ്ടമാണ് വരുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പൊതുജീവിതത്തിന്റെ ബഹുമുഖമായ കർമ്മതലങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വർക്കല രാധാകൃഷ്ണന്റെ ദേഹവിയോഗം പൊതുജീവിതത്തിനും അതുപോലെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിനും വലിയ നഷ്ടമാണ് സൃഷ്ടിച്ചിട്ടുള്ളത്. സ്പീക്കർ, പാർലമെന്റ് അംഗം, അഭിഭാഷകൻ എന്നീ നിലയിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലുള്ള

ദു:ഖത്തിൽ കുടുംബത്തോടും പ്രസ്ഥാനത്തോടും ഒപ്പം പങ്ക് ചേരുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ.ബി. ഗണേഷ് കുമാർ : വർക്കല രാധാകൃഷ്ണന്റെ വേർപാടിൽ സഭ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിലിറങ്ങിയ കാലം മുതൽ അന്ത്യനിമിഷം വരെ അദ്ദേഹം പുലർത്തിയിരുന്ന ഊർജ്ജവും ആർജ്ജവവും പൊതുപ്രവർത്തകർക്ക് എന്നും മാതൃകയാണ്. നിയമസഭയിലും പാർലമെന്റിലും ഗർജ്ജിക്കുന്ന സിംഹമായിരുന്നു അദ്ദേഹം. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ സഭയ്ക്കകത്തും പുറത്തും പ്രതികരിക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യമായിരുന്നു. ഒറ്റയ്ക്ക് സമരം നയിക്കുന്നതിൽപ്പോലും തന്റേടവും ധൈര്യവും കാണിച്ചിരുന്നു. അദ്ദേഹം പ്രതിനിധാനം ചെയ്ത രാഷ്ട്രീയ പ്രസ്ഥാനത്തിനും പൊതുപ്രവർത്തകർക്കും എന്നും മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാട്മൂലം സമൂഹത്തിനും രാഷ്ട്രീയ പ്രസ്ഥാനത്തിനും കുടുംബത്തിനുമുണ്ടായ ദു:ഖത്തിൽ പങ്കുചേരുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: പൊതു ജീവിതത്തിലും രാഷ്ട്രീയ മേഖലകളിലുമൊക്കെ വ്യക്തിമുദ്രപതിപ്പിച്ച നേതാവായിരുന്നു വർക്കല രാധാകൃഷ്ണൻ. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുജീവിതം ആരംഭിച്ച അദ്ദേഹം പ്രവർത്തിച്ച മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. നിയമബിരുദവും നിയമരംഗത്തെ അനുഭവ പരിജ്ഞാനവും നല്ല പാർലമെന്റേറിയനാകാനും ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടാനും ഇടയാക്കിയിട്ടുണ്ട്. എല്ലാ ജനവിഭാഗങ്ങളേയും ഒരുമിച്ചുകാണാനും അവരോടൊക്കെ ഒന്നുപോലെ ഇടപെടാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കേരള നിയമസഭയിൽ അദ്ദേഹം

കാണിച്ച മാതൃകകൾ എല്ലാക്കാലവും ഓർമ്മിക്കപ്പെടും. അദ്ദേഹത്തിന്റെ വിയോഗത്തിൽ വ്യസനിക്കുന്ന കേരള ജനതയോടൊപ്പം പങ്കുചേരുന്നു.

ശ്രീ. കെ. കെ.ഷാജു: വർക്കല രാധാകൃഷ്ണന്റെ നിര്യാണത്തിൽ സഭ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. അതുല്യ നിയമപാണ്ഡിത്യം തെളിയിച്ച നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സമരമുഖങ്ങളിൽ തീഷ്ണ മായിട്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ലാളിത്യമേറിയ ജീവിതം കൊണ്ട് സാധാരണക്കാരുടെ ശ്രദ്ധപിടിച്ചുപറ്റിയ വ്യക്തിത്വമായിരുന്നു വർക്കല രാധാ കൃഷ്ണന്റേത്. സാധാരണക്കാരുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുകയും പാവപ്പെട്ടവന്റെ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്യുന്ന രാഷ്ട്രീയപ്രവർത്തകനെയാണ് കേരളത്തിന് നഷ്ടപ്പെട്ടിരിക്കുന്നത്. നിയമ സഭയിലും പാർലമെന്റിലും ഉന്നതപദവികൾ അലങ്കരിച്ചപ്പോഴൊക്കെ ഏറ്റവും താഴെത്തട്ടിലുള്ളവരുടെ വികാരങ്ങളോട് ചേർന്നു പ്രവർത്തിക്കാൻ അദ്ദേഹ ത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തോട് പ്രത്യേകിച്ച് തിരുവനന്തപുരത്തോട് അദ്ദേഹത്തിന് വലിയ പ്രതിബദ്ധതയായിരുന്നു. ഹൈക്കോടതി ബഞ്ച് സമരം നിയന്ത്രണവിധേയമല്ലാതായപ്പോൾ അക്രമവും അനിഷ്ടസംഭവങ്ങളും ഉണ്ടാ കാതെ നിയന്ത്രിക്കാനുള്ള നേതൃത്വഗുണം അദ്ദേഹത്തിന് ഉണ്ടായിരുന്നു. സഭ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

സഭ രാവിലെ 9.30-ന് പിരിഞ്ഞു.